(ബി) അന്വേഷണം നടത്തി. ശ്രീ. ചന്ദ്രൻ പ്രസ്തുത കേസ്സിലെ പ്രതിയാണെന്നു വെളിവായിട്ടുണ്ട്. ഇതിലേയ്ക്ക് ശ്രീ. ചന്ദ്രൻ ബഹു: കേരളാ ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച റിട്ട് ഹർജി ഹൈക്കോടതി തള്ളിയിട്ടുണ്ട്.

(സി) കേസിന്റെ അന്വേഷണം പൂർത്തിയായിട്ടുണ്ട്. ചാർജ് ഷീറ്റ് താമസംവിനാ കോടതി മുമ്പാകെ ഹാജരാക്കുന്നതാണ്.

(ഡി) ശ്രീ. ചന്ദ്രൻ പാറശ്ശാല പോലീസ് സ്റ്റേഷൻ ക്രൈം 81/90-ാം നമ്പർ കേസ്സിൽ പ്രതിയാണെന്ന കാര്യം സംശയാതീതമായി തെളിഞ്ഞിട്ടുണ്ട്. ചന്ദ്രനെ മനഃപൂർവ്വം ഈ കേസ്സിൽ ഉൾപ്പെടുത്തിയതല്ല.

രജിസ്റ്റർ ചെയ്ത മോഷണക്കേസ്സുകൾ

15 [2024] ശ്രീ. സി. പി. കുഞ്ഞാലിക്കുട്ടി കേയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി സർക്കിൾ ഇൻസ്പെക്ടറുടെ പരിധിയിൽ 1988-89, 1989-90 കാലഘട്ടത്തിൽ എത്ര മോഷണക്കേസ്സുകൾ രജിസ്റ്റർ ചെയ്തു; എത്ര കേസ്സുകളിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്;

(ബി) പ്രതികളെ പിടിക്കാൻ കഴിഞ്ഞിട്ടില്ലാത്ത കളവു കേസ്സുകൾ എത്ര?

ഉത്തരം

(എ) 1988-89-ൽ 77 കേസ്സുകളും 1989-90-ൽ 47 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1988-89-ൽ 14 കേസുകളിലും 1989-90-ൽ 13 കേസ്സുകളിലും പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ട്.

(ബി) 1988-89-ലെ 63 കേസ്സുകളിലും 1989-90-ലെ 34 കേസ്സുകളിലും പ്രതികളെ അറസ്റ്റുചെയ്യാൻ കഴിഞ്ഞിട്ടില്ല.

മോഷണക്കേസ് ക്രൈംബ്രാഞ്ചിനു വിടണമെന്ന ആവശ്യം

16 [2025] ശ്രീ. സത്യൻ മൊകേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം പോലീസ് സ്റ്റേഷന്റെ പരിധിയിൽപ്പെട്ട ചെത്യാട് വില്ലേജിലെ മീഞ്ചേരി കുനിയിൽ ശ്രീ. കുഞ്ഞച്ചന്റെ വീട്ടിൽ നിന്നും കളവ് നടത്തിയ കേസ് ക്രൈംബ്രാഞ്ചിനു വിടണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രിക്ക് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) എന്തു നിർദ്ദേശമാണ് പോലീസ് ഡയറക്ടർ ജനറലിനു നൽകിയത്;

(സി) കേസ് ക്രൈംബ്രാഞ്ച് ഇതിനകം ഏറ്റെടുത്തുവോ എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly